**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **06-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | റീബിൽഡ് കേരള ഡെവലപ്മെൻറ് പ്രോഗ്രാമിനു കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഇത് നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസി ഏതാണ് എന്ന് വെളിപ്പെടുത്തുമോ; | (ബി) | 14.11.2019-ലെ ജി.ഒ (ആർ.റ്റി) 483/2019/ പി&ഇഎ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഡെവലപ്പ്മെൻറ് പദ്ധതിയുടെ കീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള വനംവകുപ്പിനെയാണ് മേൽ പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ? | (സി) | കണ്ടൽക്കാടുകൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻറ്സ്) ആക്റ്റ് 2003, സെക്ഷൻ 4 (1) പ്രകാരം അർഹമായ നഷ്ടപരിഹാര തുക പകരം നൽകി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെൻറ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻറ്സ്) ആക്റ്റ് 2003, സെക്ഷൻ 15 പ്രകാരം നിയമിക്കപ്പെട്ട ഉപദേശക സമിതിയുടെ സ്ഥലപരിശോധനയ്ക്കും ശുപാർശയ്ക്കും വിധേയമായിട്ടാണ് സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ